"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയായ 'ഡിജി കേരളം' പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം- തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ ജി) വകുപ്പ്**

**G.O.(Ms)No.152/2025/LSGD** തീയതി,തിരുവനന്തപുരം, **20-08-2025**

---

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടറുടെ **13/08/2025**- ലെ **LSGD/PD/50241/2023-GEB2** നമ്പർ കത്ത്.

**ഉത്തരവ്**

സമ്പൂർണ ഡിജിറ്റൽ സാക്ഷരത പദ്ധതിയായ 'ഡിജി കേരളം' പദ്ധതിയുടെ ഉദ്ഘാടനം **2025** ആഗസ്റ്റ് **21**-ന് വൈകുന്നേരം **4.00** മണിക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വെച്ച് ബഹു. മുഖ്യമന്ത്രി നിർവഹിക്കുന്നതിനോടനുബന്ധിച്ച് പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികളെയും, ഡിജിറ്റൽ നവസാക്ഷരരെയും, വോളണ്ടിയർമാരെയും, കുടുംബശ്രീ പ്രവർത്തകരെയും പങ്കെടുപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ മേൽ പരാമർശിച്ച അംഗങ്ങളെ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലേക്ക് എത്തിക്കുന്നതിനുള്ള വാഹന സൗകര്യം സജ്ജീകരിക്കുന്നതിനും, ഒരു അംഗത്തിന് പരമാവധി **30** രൂപ (മുപ്പത് രൂപ മാത്രം) എന്ന വ്യവസ്ഥയിൽ പങ്കെടുക്കുന്നവർക്ക് ലൈറ്റ് റീഫ്രഷ്മെന്റ് നൽകുന്നതിനാവശ്യമായ ചെലവ് വഹിക്കുന്നതിനും, ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ട പരസ്യ ബോർഡുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നിയമപരമായി സ്ഥാപിക്കുന്നതിനും അതിനാവശ്യമായ ചെലവ് വഹിക്കുന്നതിനും; അതാത് തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുവാൻ പരാമർശ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച അംഗങ്ങളെ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലേക്ക് എത്തിക്കുന്നതിനുള്ള വാഹന സൗകര്യം സജ്ജീകരിക്കുന്നതിനും ഒരു അംഗത്തിന് പരമാവധി **30** രൂപ (മുപ്പത് രൂപ മാത്രം) എന്ന വ്യവസ്ഥയിൽ പങ്കെടുക്കുന്നവർക്ക് ലൈറ്റ് റീഫ്രഷ്മെന്റ് നൽകുന്നതിനാവശ്യമായ ചെലവ് വഹിക്കുന്നതിനും ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ട പരസ്യ ബോർഡുകൾ ഗ്രീൻ പ്രോട്ടോക്കോൾ

പ്രകാരം നിയമപരമായി സ്ഥാപിക്കുന്നതിനും അതിനാവശ്യമായ ചെലവ് വഹിക്കുന്നതിനും അതാത് തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**Dr ADEELA ABDULLA I A S**
**SPECIAL SECRETARY**

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം(വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/19/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 20-08-2025 11:24:08
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. തദ്ദേശ സ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.